ഉത്തരം

മേൽപ്പാലം നിർമ്മാണ ജോലികൾ പുനരാരംഭിച്ചിട്ടുണ്ട്. റെയിൽവേ ഭാഗത്തെ നിർമ്മാണത്തിന് അനുമതി ലഭിച്ചു കഴിഞ്ഞാൽ 4 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

ഉദുമ ബസാറിൽ ഫൂട്ട് ഓവർ ബ്രിഡ്ജ്

52 [5702] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ ബസാറിൽ ഒരു ഫൂട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

കാനത്തൂർ-എരഞ്ഞിപ്പുഴ കുറ്റിക്കോൽ റോഡ് വീതി കൂട്ടാൻ നടപടി

53 [5703] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാനത്തൂർ-എരഞ്ഞിപ്പുഴ കുറ്റിക്കോൽ പി.ഡബ്ല്യു. ഡി. റോഡ് വീതി കൂട്ടുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ മേൽ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത റോഡ് വീതികൂട്ടുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly